

# Magic kite

ABVHSS

Muhamma

## ഉള്ളടക്കം

ചരിത്രസ്മരണ....4
ഇവ ഞങ്ങൾക്ക് സ്വന്തം ....7
സാഹിത്യത്തിന്റെ സുൽത്താൻ....9
വായനയുടെ പ്രാധാന്യം....14
പുന്നാരിപ്പൂച്ച....20
ജയപ്രകാശിന്റെ ജയിൽ ചാട്ടം....24
അനർഘനിമിഷം....26
ജീവിതം....31
പൂച്ചമ്മ....32
സത്യമല്ലൊന്നുമേ ....34
വലയും പുലിയും....37
....38
മിനിക്കഥ....38
അനുഭവക്കുറിപ്പ്....40
THE CREEPY VACATION....50
നായയും ചെന്നായയും....53
മരം ഒരു വരം....56
കാണാക്കയങ്ങളിൽ ....58
നിഴൽ....59
തൃക്കാർത്തികരാത്രി....60

ABVHSS....Muhamma

# ഇത് ഞങ്ങളുടെ മണ്ണ് ......

# ഒപ്പം ജീവിതവും..............



**പ്രിയരേ**

**മുഹമ്മ ഗ്രാമപഞ്ചായത്തിലെ**
**വിദ്യാഭാസ സ്വപ്നങ്ങളുടെ**
**സാഫല്യമായ എ.ബി.വിലാസം ............**
**സമ്പന്നമായ , സാർഥകമായ 82 വർഷങ്ങൾ**
**ഈ മണ്ണിനെ പുൽകി കടന്നുപോകുന്നു .**
**ഈ നിമിഷങ്ങളുടെ പൂർണ്ണമായ**
**ഒപ്പിയെടുക്കലുകൾ ഏതാനും വാക്കുകൾ**
**കൊണ്ട് മാത്രം കഴിയില്ലെന്നറിയാം ............**
**എങ്കിലും ആകാവുന്നിടത്തോളം**
**പരിമിതികൾക്കുള്ളിൽ**
**ഇത് നിങ്ങളുടെ കൈകളിൽ എത്തിക്കട്ടെ**
**ഒപ്പം നിന്നവർക്കെല്ലാം**
**ഹൃദയപൂർവം നന്ദി ...............**
**ഇനി നിങ്ങളുടെ ഹൃദയങ്ങളിലേക്ക്..............**

സ്നേഹപൂർവ്വം ............

ABVHSS....Muhamma

# ചരിത്രസ്മരണ

ആയിരത്തിതൊള്ളായിരത്തി മുപ്പത്തിയേഴാം ആണ്ട് ആര്യക്കര ശ്രീ ഭഗവതി വിലാസം അപ്പർ പ്രൈമറി സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചു . ആദ്യമായി ആരംഭിച്ച അഞ്ചാംക്ലാസ്സിൽ 37 കുട്ടികളാണ് ഉണ്ടായിരുന്നത് .ഈ വിദ്യാലയത്തിന്റെ സ്ഥാപകനും പ്രഥമ മാനേജരുമായിരുന്ന ശ്രീ സി.കെ.കുഞ്ഞികൃഷ്ണൻ ത്യഗോജ്വലവും നിസ്വാർത്ഥവുമായ സേവനം ഈ പ്രദേശത്തെ ജനതയുടെ വിദ്യഭാസപരവും സാംസ്കാരികവുമായ  പുരോഗതിയെ





വളരെയധികം സഹായിച്ചു .വിദ്യാഭാസം എന്നത് സാധാരണക്കാരന്റെ മക്കൾക്ക് പ്രത്യേകിച്ചും പിന്നോക്ക വിഭാഗത്തിൽ പെട്ടവർക്ക് തികച്ചു അപ്രാപ്യമായിരുന്ന കാലഘട്ടത്തിലാണ് ഈ മഹത്തായ സ്ഥാപനത്തിന് ബീജവാഹം നൽകിയത്

ആര്യക്കര ഭഗവതി വിലാസം സ്കൂൾ 82 വർഷത്തെ മഹത്തായ സേവനം വിജയകരമായി

പൂർത്തീകരിച്ച് 82 വയസിലേക്കു കടക്കുകയാണ് . ഈ വിദ്യാലയത്തിൽ പഠിക്കുന്ന മഹാഭൂരിപക്ഷ വിദ്യാർത്ഥികളും സാധാരണക്കാരായ കയർ

,മത്സ്യ, കൂലി വേല തൊഴിലാളികളുടെ മകളാണ്

.പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിന് വേണ്ടി പ്രത്യേക

കോച്ചിങ് നടത്തുന്നുണ്ട് .ഏറ്റവും നല്ലനിലയിൽ

# സജ്ജീകരിച്ച ലാബുകളും മറ്റു പഠന സൗകര്യങ്ങളും ഏർപ്പെത്തിയിട്ടുണ്ട്



ABVHSS....Muhamma

# ഇവ ഞങ്ങൾക്ക് സ്വന്തം ......

**കാണാമറയത്ത്...** കുട്ടികൾക്കായി സഹായനിധി
സ്കൂളിൽ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികളിൽ
ഏതെങ്കിലും തരത്തിലുള്ള രോഗം ബാധിച്ച
ദിർഘമായ ചികിത്സ വേണ്ടിവരുന്ന
സാമ്പത്തികമായി പിന്നോക്കം
നിൽക്കുന്നവരെയും കഠിനമായ രോഗങ്ങളാൽ
വിഷമിക്കുന്ന സാമ്പത്തികമായി പിന്നോക്കം
നിൽക്കുന്നവരെയും കഠിനമായ രോഗങ്ങളാൽ
വിഷമിക്കുന്ന
സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന
രക്ഷിതാക്കളുടെ കുട്ടികളെയും സഹായിക്കുക
എന്ന ലക്ഷ്യത്തോടെയാണ് കാണാമറയത്തുഎന്ന
പദ്ധതിക്ക്
രൂപം  നൽകിയിരിക്കുന്നത്

**ഇംഗ്ലീഷ് മാംഗോ**

പൊതു വിദ്യലയങ്ങളിലേ ഇംഗ്ലീഷ് പഠനം പലപ്പോഴും വിമർശന വിധേയമാണ് .പലപ്പോഴും ഭാവിയിൽ അനായാസം ഇംഗ്ലീഷ് സംസാരിക്കുവാൻ കുട്ടികൾ പ്രയാസം നേരിടുന്നതിന് പ്രതിവിധിയാണ് ഇംഗ്ലീഷ് മാംഗോയുടെ പിറവി .

**രോഗാതുരർക്ക് ഒരു കൈത്താങ്ങ്**

സായൂജ്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് നടന്നിരുന്നു.സ്കൂൾ എസ് .പി .സി യൂണിറ്റാണിത് ഏറ്റെടുത്തു നടപ്പാക്കിയത്. ഗ്രാമപഞ്ചായത്തിലുള്ള നിരവധി പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു

**ഔഷധത്തോട്ടം**


ഔഷധസസ്യങ്ങളെ കുട്ടികൾക്കു പരിചയപെടുത്തുകാ  എന്ന ലക്ഷ്യത്തോടെയാണ് സ്കൂളിൽ ഔഷധത്തോട്ട നിർമ്മാണം തുടങ്ങിയത്

ട്രാഫിക് നിയന്ത്രണത്തിലും കുട്ടികളുടെ പങ്കാളിത്തം -സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ ട്രാഫിക് നിയന്ത്രിക്കുന്നതിൽ സജീവമായി നിൽക്കുന്നു

# സാഹിത്യത്തിന്റെ സുൽത്താൻ.......



മലയാള സാഹിത്യത്തിൽ ഒരേയൊരു സുൽത്താനേയുള്ള .ഭാഷയുടെയും വ്യാകരണത്തിന്റെയു വേലിക്കെട്ടുകൾ പൊളിച്ചെഴുതി മലയാള സാഹിത്യത്തെ സാധരണക്കാരന്റെ ജിവിതത്തോട് ചേർത്തു നിർത്തിയ ബേപ്പൂർ സൂൽത്താൻ എന്ന മുഹമ്മദ് ബഷിർ .സാധാരണക്കാരിൽ സാധാരണക്കാരനായ നാട്ടുമനുഷ്യന്റെ പച്ചഭാഷയിലുള്ള ഹാസ്യന്മാകമായ രചനകൾ വായക്കാരനെ ഒരുപോലെ ചിരിപ്പിക്കുകയും, ചിന്തിപ്പിക്കുകയും,കരയിപ്പിക്കുകയും ചെയ്തു .അതായിരുന്നു ആ തുലികയുടെ ശക്തിയും .അദ്ദേഹത്തിന്റെഓർമകൾക്ക് ജ്ജൂലായ് 5 ന് 22 വയസ് തികയുകയാണ്




ഒരിക്കലും അലക്കിത്തേച്ച വടിവൊത്ത ഭാഷയിൽ അദ്ദേഹം എഴുതില്ല .ഇത് മലയാളത്തിലെ മറ്റൊരു സാഹിത്യകാരനും അവകാശപ്പെടാൻ സാധിക്കാത്തവിധം ബഷിറിനെ


ജനകിയനാക്കി.തന്റേതുമാത്രമായ വാക്കുകളും ശൈലികളുമായിരിന്നു ബഷിറിന്റെ സവിശേഷത .അതുകൊണ്ടു തന്നെ അദ്ദേഹത്തിന്റെ രചനാരീതി

ബഷിറിയൻശൈലി  എന്ന തന്നെ അറിയപ്പെട്ടു

 ന്റുപ്പൂപ്പായ്ക്കൊരാനയുണ്ടാർന്നു,  ബാല്യകാലസഹി
,പാത്തുമ്മായുടെ ആട് ,പ്രേമലേഖനം ,മതിലുകൾ
ശബ്ദങ്ങൾ ,പാവപ്പെട്ടവരുടെ വേശ്യ
,മുച്ചീട്ടുകളിക്കാരന്റെ മകൾ ,വിശ്വവിഖ്യാതമായ
മൂക്ക് വിഡ്ഢികളുടെ സ്വർഗം എന്നിങ്ങനെ മലയാളി
എന്നു ഓർക്കുന്ന കൃതികൾ  സമ്മാനിച്ച
വ്യക്തിയാണ് അദ്ദേഹം  .



# പ്രണാമങ്ങളോടെ ഞങ്ങൾ .........



# വായനയുടെ പ്രാധാന്യം

എന്തുകൊണ്ടാണ് വായന

പ്രധാനപ്പെട്ടതാകുന്നത് ?നമ്മെ നല്ല വ്യക്തിത്വമുള്ളവരാക്കി തീർക്കാൻ വായന





ശീലത്തിന് സാധിക്കുന്നു . നാം മഹത്
വ്യക്തികളുടെയും മഹതികളുടെയും ജീവിതം
പരിശോധിച്ചാൽ പുസ്തകങ്ങൾ അവരുടെ
ജീവിതത്തിൽ എത്രമാത്രം പ്രചോദനം
നൽകിയിട്ടുണ്ടെന്ന് നമുക്ക് മനസിലാക്കാം .

ഏതു സമയത്തിലും ഏതു
പ്രായത്തിലും വായന ഉറവിടമാകുന്നു .ഇന്ന്
അതിവേഗം വളരുന്ന നമ്മുടെ ലോകത്തിൽ
വായനയുടെ പ്രാധാന്യം വളരെ വലുതാണ് .പണ്ട്
വായനയെ പ്രോത്സാഹിപ്പിക്കുകയും
സമ്പന്നമാക്കുകയും ചെയ്യാതിരുന്നത് കൊണ്ട്
അവരുടെ സംസാരം അധികമൊന്നും
വളർന്നിട്ടില്ലായിരുന്നു .എന്നാൽ ഇന്ന് നമുക്ക്
അങ്ങനെ ഒരു പ്രശ്നം നേരിടേണ്ടി വരുന്നില്ല
.നമ്മുടെ ജീവിത നിലവാരം ഉയർന്നതോടെ

വായനയുടെ സ്രോതസ്സും വർധിച്ചിരിക്കുന്നു .

പുസ്തകങ്ങൾ നമുക്കു

നൽകുന്നതോടൊപ്പം നമ്മിൽ അറിവും പകർന്നു

നൽകുന്നു .സാങ്കേതികവിദ്യക്കു നമ്മുടെ

വായനയുടെ രീതിയിൽ ചില മാറ്റങ്ങൾ വരുത്താൻ

കഴിഞ്ഞെങ്കിൽ പോലും വായനയിലൂടെ

അറിവിന്റെ വിവിധ

ഉറവിടങ്ങളിലേക്കെത്താൻ

നമ്മുടെ കഴിവിനെ

പരിപോഷിപ്പിക്കാൻ മാത്രമേ

ഇതിനു സാധിച്ചിട്ടുള്ളൂ .



ദ്രുതഗതിയിൽ

പുരോഗതിയുടെ പാതയിലൂടെ

നീങ്ങുന്ന ഈ ലോകത്തിൽ വസിക്കുന്നവരാണ്

നമ്മൾ .നമുക്ക് നേട്ടമുണ്ടാകുന്നകാര്യങ്ങൾ

ചെയ്യുന്നത് നമ്മുടെ നിലനില്പിന്അനിവാര്യമാണ്
.വായന ആശ്ചര്യകരമായ ഒരു ശീലമാണ്
.മനസ്സിൽ ഉൽകൃഷ്ടമായ ചിന്തകളൊരുക്കാൻ
വായനക്ക് സാധിക്കുന്നു .
"വിശക്കുന്ന മനുഷ്യ നീ പുസ്തകം കൈയിലെടുക്കു "
ഈ വാക്യം നമുക്ക് വളരെ സുപരിചിതമാണ്
.വായനയിലൂടെ നമുക്ക് ലോകത്തെ
കീഴടക്കാം.പക്ഷെ സോഷ്യൽ മീഡിയകളുടെ
വളർച്ചവായനയെന്ന ശക്തിയെ കീഴ്പെടുത്തുന്നു
.വളർന്നു വരുന്ന  തലമുറയ്ക്ക് വായനയുടെ
പ്രാധാന്യം    അറിയില്ല. അവർ സോഷ്യൽ
മീഡിയയുടെയും ഇന്റർനെറ്റിന്റെയും പുറകെയുള്ള
സഞ്ചാരികൾക്കായി മാറുകയാണ് .ലൈബ്രറിയുടെ
മുൻപിലൂടെ പോകുമ്പോൾ' എന്നെ


ആരെങ്കിലുംതുറക്കു .....'എന്ന പുസ്തകങ്ങളുടെ നിലവിളി ആരും കേൾക്കാറില്ല .



വായിക്കാൻ നേരമില്ലെന്നു പറയുന്നത് ജീവിക്കാൻ നേരമില്ലെന്നു പറയുന്നതിന് തുല്യമാണ് .വായിച്ചു വളരുക ചിന്തിച്ചു വിവേകം നേടുക എന്ന വാക്യം യുവ തലമുറ ചിലപ്പോഴെങ്കിലും ഓർക്കുക



നീരജ, 9 എ



nma








shutterstock

# പുന്നാരിപ്പൂച്ച

ഗ്രാമത്തിലുള്ള മുത്തശ്ശിമാവിന്റെ ചുവട്ടിലെ ചെറിയ വീട്ടിലാണ് പുന്നാരിപ്പൂച്ചയുടെ താമസം . പുന്നാരിയുടെ കൂട്ടുകാരിയാണ് പൊന്നി .ഒരു പാവം പൂച്ചയായിരുന്നു പുന്നാരി .എന്നാൽ പൊന്നി വളരെ അഹങ്കരിയായിരുന്നു .പുന്നാരിയെ എല്ലവർക്കും ഇഷ്ടമായിരുന്നു അതുകണ്ട് പൊന്നി അസൂയപെട്ടു .സ്നേഹം ഭാവിച്ചു പൊന്നി പുന്നാരിയുടെ വീട്ടിലിടം നേടി ,എന്നിട്ടു പുന്നാരിയെ ഉപദ്രവിക്കാനുള്ള അവസരം നോക്കിയിരുന്നു .

പൊന്നി മടിച്ചിയായിരുന്നു അവൾ ഒരു ജോലിയും ചെയ്യാതെ വെറുതെയിരുന്നു .ഒരുദിവസം





തീറ്റതേടിപോയ പുന്നാരിക്ക് ഒരു മീൻകിട്ടി .അവൾ അതുമായി വീട്ടിലെത്തി 'വാ നമുക്ക് പപ്പാതി കഴിക്കാം 'പുന്നാരി പറഞ്ഞു .പക്ഷെ പൊന്നി അത് കേട്ടതായി ഭാവിച്ചില്ല .പുന്നാരി ഓരോ ദിവസവും കൊണ്ടുവന്ന ആഹാരസാധനങ്ങൾ പൊന്നി ഒറ്റയ്ക്ക് കഴിച്ചു തീർത്തു .എത്ര വിശന്നാലും പുന്നാരി ഒന്നും മിണ്ടില്ലായിരുന്നു .ഒന്നും കഴിക്കാതെ പുന്നാരി തളർന്നു വീണു .ഒരു ദിവസം രാവിലെ പുന്നാരി മരിച്ചു കിടക്കുന്നതാണ് പൊന്നി കണ്ടത് .പൊന്നി പുന്നാരിയുടെ ചെവിയിൽ കടിച്ചുകൊണ്ട് കാട്ടിൽകൊണ്ടുപോയിട്ടു .പിന്നീട് വീട്ടിൽ എത്തിയ പൊന്നി പഴയതുപോലെ മടിപിടിച്ചിരുന്നു .ആദ്യ ദിവസം കഴിഞ്ഞു

,രണ്ടാമത്തെ ദിവസമായി .പൊന്നിക്കുവിശക്കാൻ തുടങ്ങി .അപ്പോൾ പൊന്നി പൂന്നാരയെ ഓർത്തു 'അവൾ ഉണ്ടായിരുന്നെങ്കിൽ '.

പ്രവ്യ പ്രദീപ്



ABVHSS.




Date:




## <u>ജയപ്രകാശിന്റെ ജയിൽ ചാട്ടം</u>

ഭാരത സ്വാതന്ത്ര്യ സമരത്തിൽ മഹാത്മജിയോടൊപ്പം മഹത്തായ സേവനമനുഷ്ഠിച്ച നേതാക്കളിൽ ഒരാളാണ് ജയപ്രകാശ് നാരായണൻ

.ക്വിറ്റിന്ത്യ സമരം പ്രഖ്യാപിച്ച വാർത്ത ജയപ്രകാശ് അറിയുന്നത് ബീഹാറിലെ ഹസാരിബാഗ് ജയിലിൽ വച്ചാണ്

രാജ്യം സ്വാതന്ത്ര്യത്തിന വേണ്ടിയുള്ള അന്തിമ സമരത്തിൽ ഏർപ്പെട്ടിരിക്കുമ്പോൾ ജയപ്രകാശിനെപ്പോലെ ദേശാഭിമാനിയായ ഒരു നേതാവിന് അടങ്ങിക്കഴിയാൻ

സാധിക്കുന്നതെങ്ങനെ ?

'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക '- ഗാന്ധിജിയുടെ ആ മുദ്രാവാക്യം അദ്ദേഹത്തിന്റെ

മസ്തിഷ്കത്തിൽ മുഴങ്ങികൊണ്ടിരുന്നു .ആ രാജ്യസ്നേഹി ഏതാനും ജയിൽ പുള്ളികളോടൊപ്പം മതിലുചാടി ജയിലിൽനിന്നു

പുറത്തുകടന്നു . ജയകൃഷ്ണൻ 9

# അനർഘനിമിഷം

നീയും ഞാനും എന്നുള്ള യാഥാർഥ്യത്തിൽ നിന്ന് അവസാനം നീ മാത്രം

അവശേഷിക്കാൻപോകയാണ് .'നീ മാത്രം

'.യാത്രക്കുള്ള സമയം വളരെ അടുത്തു കഴിഞ്ഞു

.പെയ്യാൻ പോകുന്ന കാർമേഘത്തെ പോലെ .ഈ ഓർമ്മ എന്റെ അന്തരംഗം പൊട്ടുമാറ്

വിങ്ങിനിൽക്കുന്നു .
ഈ വാസ്തവം എന്റെ സുഹൃത്തുക്കളാരും

അറിയുന്നില്ല .പണ്ടേപ്പടി അവർ എന്റെ അടുത്ത്

വരുന്നു,തമാശകൾ പറഞ്ഞു അവരെ

ചിരിപ്പിക്കാൻ നിർബന്ധിക്കുന്നു .
അവർക്കുവേണ്ടി എന്തൊക്കെയോ ഞാൻ പറയുന്നു

,ചിരിക്കുന്നു.എന്റെ ചിരിക്കകത്തുള്ള ദുഃഖത്തിന്റെ

മുഴക്കം അവർ കേൾക്കുന്നില്ല .ഞാൻ ഇവിടെ

ഇല്ലായ്മകളിൽ ലയിക്കാൻ പോകുന്നു .

അപ്രധാനമായ സംഭവം,അതോ

അതിപ്രധാനമായതോ ?എന്തോ...ഉണ്ടായി

.അതാണോ പ്രധാനം?എന്തായാലും രണ്ടിന്റെയും ഇടയിലെ അനർഘ നിമിഷമാണ്

ഞാൻ.വർത്തമാനകാലത്തിന്റെ വക്കത്തു

നിൽക്കുന്ന ഭൂതകാലം .

ഇന്നലയിലേക്കു പരിപൂർണ്ണമായി ലയിക്കാറായ ഇന്ന്

യുഗങ്ങൾ ......മന്വന്തരങ്ങൾ ........അനന്തമായ


........ശാശ്വതമായ ഇന്നലെയിൽ യാത്ര


പോവുകയാണ് .

# വൈക്കം മുഹമ്മദ് ബഷീർ
## അശ്വതി സി എ




ABVHSS....Muhamma





ABV

# ജീവിതം


ജീവിതം എന്നാൽ വ്യർത്ഥമാണ്
എന്നാൽ അതിനൊരു അർത്ഥമുണ്ട്
ചിലർക്ക് ജീവിതം ആഘോഷം
ചിലർക്കോ അത് തീരാ വേദന
അതിനിടയിൽ എവിടെയോ ഉണ്ട്
യാഥാർഥ്യം
അതാണ് ജീവിതം
ജിഷ

## പൂച്ചമ്മ

മ്യാവൂ മ്യാവൂ പൂച്ചമ്മ
കണ്ണുരുട്ടിടും പൂച്ചമ്മ
മ്യാവൂ മ്യാവൂ പൂച്ചമ്മ
നാക്കുനീട്ടിടും പൂച്ചമ്മ
മ്യാവൂ മ്യാവൂ പൂച്ചമ്മ
പാൽ കുടിച്ചിടും പൂച്ചമ്മ
തട്ടിൻ പുറത്തു ക്കൂടി
തത്തക്കം പായും പൂച്ചമ്മ



പ്രവ്യ പ്രദീപ്





Anjali C.S
IX B

# സത്യമല്ലൊന്നുമേ ……

ജീവിതമെന്ന മൂന്നക്ഷരം കൂട്ടി വായിച്ചടുക്കി
യെടുക്കട്ടെ ഞാൻ
തിക്കും തിരക്കുമായ് ഈ കഥ മെല്ലെ
അങ്ങെത്തിച്ചേരുന്നിടം ആരു കണ്ടു ….
ഈ കൊച്ചു കൂരയിലേന്തിയുറങ്ങാതൊരുങ്ങാതെ
നിറയാത്ത വയറോടെ ശുഷ്ക്കിച്ച വിരലോടെ
വിടരാതെ കൊഴിയുന്ന പൂവ് പോൽ നിറയുന്ന
കൺകളൊടെപ്പോഴും
നിന്നെ ഞാൻ കാത്തിരുന്നു ….
വർഷങ്ങൾക്കിപ്പുറം ഞാനറിഞ്ഞേക്കുമോ
വേദനയോടെ ഞാൻ
കാത്തതിതൊക്കെയും
വ്യർത്ഥമായിതെന്നോ.

ABVHSS....Muhamma



…


ചുറ്റിലും ചുറ്റമീ മൂഢമാം ചിന്തകൾ എന്നിലെ
എന്നിൽ ഞാൻ മൂടി വച്ചു
കാഴ്ചകൾ …കാഴ്ചകൾ ….കണ്ണുകൾ മങ്ങുന്നു …
കാണ്മാവയൊക്കെയും കൈതവമാണെന്നു ഞാൻ
നടിക്കുന്നതാണെനിക്കേറെയിഷ്ടം ….

സീമ

ABVHSS....Muhamma








A

# വലയും പുലിയും

പുലിയച്ചൻ വലവച്ചു
മുയലച്ചൻ വീണു
എലിയച്ചൻ  വലവെട്ടി
മുയലച്ചൻ പാഞ്ഞു

പ്രവ്യ പ്രദീപ്



# മിനിക്കഥ

വെറുതെയിരിക്കാൻ ഒരു സുഖമാണ് .കാരണം
ബാല്യം മധുരമുള്ളതായതുകൊണ്ട് .
എത്ര ചങ്ങാതിമാരാണ് .പറമ്പിലും കുളത്തിലും
പാടത്തും ചങ്ങലകളില്ലാതെ പാറിപ്പറന്നു......
ചിറകുകളില്ലന്നെ ഉള്ളൂ .ഉള്ളുറപ്പുള്ള
സ്നേഹബന്ധങ്ങൾ .പഠിക്കുക വിഷയമല്ലല്ലോ .
രാവും പകലും ഓടിപ്പോകുന്നതും അറിഞ്ഞില്ല
ബന്ധങ്ങൾക്കെന്ത് ദൃഢത .ഓർക്കാൻ തന്നെ
രസമാണ് മാമ്പഴക്കാലവും വാളൻപുളി നുണയാലും
കശുമാവിന്റെ പൂവിന്റെ ഘന്ധവും
ഉണ്ണിമാങ്ങയുടെ  നറു രസവും നീണ്ട
വേനൽകാലാവസ്ഥയും ഓർമ്മകൾ മധൂരിച്ച കാലം

ABVHSS....Muhamma

തിരിച്ചു പോകാനാവാതെ ഒന്നായി കാലം
അവശേഷിച്ചു
ഇന്ന് കഴിഞ്ഞ കാല കഥകളായി
ഓര്മക്കുറിപ്പുകളായി വാട്സാപ്പ് സന്ദേശങ്ങളായി
ഇതെല്ലാം മാറി . നടക്കാൻ വഴികളില്ലാതെ ........
കാണാൻ  കാഴ്ച്ചകളില്ലാതെ.........
നീന്തിത്തുടിക്കാൻ കുളങ്ങളില്ലാതെ .........
നറുമണം വിതുമ്പുന്ന കാറ്റില്ലാതെ ..........
എല്ലാം നഷ്ട്ടപ്പെട്ട് പഴയതും പുതിയതും തമ്മിൽ
കുറ്റം പറഞ്ഞ കൈയ്‌വെള്ളയിൽ താലോലിച്
തള്ളവിരലിനെ മാത്രം സ്നേഹിച്ചു
നാലുചുമരുകൾക്കുള്ളിൽ കുടുങ്ങി കിടന്നു . ഇനി
ബാക്കിയെന്ത് അവശേഷിച്ചത്  ഒരു  വിരലും
നിവർത്താൻ പറ്റാത്ത കൈയമടക്കുകൾ മാത്രം

രേണു.ആർ



# അനുഭവക്കുറിപ്പ്



എങ്ങനെയോ ഓണപ്പരീക്ഷ

തീർന്നു .ഇനി റിസൾട്ട് .എന്റമ്മേ

.......

ഇംഗ്ലീഷ്,കണക്ക് എന്നീ

വിഷയങ്ങൾക്ക് നല്ല വൃത്തിയായി

തോറ്റു .ബാക്കിയൊക്കെ അറ്റപറ്റെ .

എന്തിനേറെപ്പറയുന്നു മലയാളത്തിന് പോലും !
മലയാളം പോലും അന്യം നിന്ന് പോകുണാതായി

തോന്നിയ ദിവസങ്ങൾ ......

ആരോടെങ്കിലും പറയാനുണ്ടോ ?ആരോടും

പറയാനില്ല .ആരും കേൾക്കാനുമില്ല .ഈ
ലോകത്തു പഠനം മാത്രമേ  ഉള്ളു എന്നും

റോസ് ബാഡ്ജ് വാങ്ങിയില്ലെങ്കിൽ  അവൾ ഒരു ആനമണ്ടിയാണെന്നും എന്നെ പഠിപ്പിച്ച ദിനങ്ങൾ .റോസ് പോയിട്ട് വെള്ള ബാഡ്ജ് പോലും (ജസ്റ്റ് പാസ് )

മേടിക്കാൻ പറ്റുന്ന അവസ്ഥയല്ല എന്റേത് .വേദനയും കളിയാക്കലും നാണക്കേടും .......

അങ്ങനെ തളർന്നിരിക്കുമ്പോഴാണ് കലോത്സവം വരുന്നത് .വീണ്ടും എന്നിലെ കുട്ടി എവിടെയോ തലപൊക്കി .

അത്യുത്സാഹത്തോടെ സെലക്ഷനുവേണ്ടി ലാബിലേക്ക് .

ഒറ്റയാളെ പരിചയമില്ല .കുറെ

സിസ്റ്റർമാർ,ടീച്ചർമാർ,ചേച്ചിമാർ... നീണ്ട നിര

.....അകെ ബഹളം ...

പെട്ടന്ന് എന്നെ ആരോ പിടിച്ചുനിർത്തി ....വേണ്ട

....പോവണ്ട ...ഒന്നിലും ചേരേണ്ട .

എങ്ങനെ എങ്കിലും ഒന്ന് പിടിച്ചുനിന്നു .



വെറും ഒരു അഴുക്കു

വസ്തുവിനോടെന്നപോൾ

എന്നോടവർ .......

ഒരു മനുഷ്യകുട്ടിയല്ലേ ഞാൻ .....

എന്നുപോലും എനിക്ക് തോന്നി .

പക്ഷേ അതിനൊന്നും എന്നിലെ കൊച്ചുകുട്ടിയെ നിരാശപ്പെടുത്താൻ കഴിഞ്ഞില്ല .

ഞാൻ ഉണർന്നു .ഉയർന്നു പൊങ്ങാൻ വെറുതെ ഒഎസ് ശ്രമം നടത്തി .

തിരുവാതിരയുടെ ഒരു പടം പാടി കളിച്ചു കാണിച്ചു .ഉടൻ വന്നു ബോംബ് പൊട്ടുന്നത് പോലെ അവരുടെ കമന്റ്

"ഈ കറുത്ത് പെടച്ചിരിക്കുന്നതിനെയൊക്കെ എങ്ങനെ തിരുവാതിരയിൽ എടുക്കും "

ഞാൻ അത് മുഴുവനായി കേട്ടുവോ എന്ന് ഇന്നും നിശ്ചയമില്ല .കേട്ടില്ല എന്ന് അഭിനയിച്ചതാവും .നിന്നനില്പിൽ ഭൂമി പിളർന്നു ആണ്ട് പോയിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ചു .കരച്ചിലോ ചിരിയോ നെഞ്ചുപൊട്ടുന്ന വേദനയോ ,എല്ലാം കൂടിക്കലർന്ന ഒരവസ്ഥ .

ഒരു 12 വയസുള്ള കുട്ടി ഇതുവരെയും കേൾക്കാൻ ഇടവന്നിട്ടില്ലാത്ത ഒരു ഭാഷ കേൾക്കുന്നു "നിറത്തിന്റെ "-കറുത്തുപെടച്ചിരിക്കുന്നവൾ .........ഇന്നും നെഞ്ചു പൊട്ടിപ്പോകും ആ ദിവസം ഓർക്കുമ്പോൾ .

അങ്ങനെ തിരുവാതിരയിൽ നിന്ന് ക്ലീൻ ബൗൾഡ് ......

വീണ്ടും ഒരു ശ്രമം

ഭാരതനാട്യത്തിന്റെ ഒരു വർണം അവിടെ നിന്ന ഡാൻസ് മാഷിനെ ചെയ്തു കാണിച്ചു .ഉടനെ വന്നു ഒരു പ്രസ്താവന .

കളി കൊള്ളാം പക്ഷെ ......

വാതിലിനിടക്ക്ക്കൂടി ഞാൻ മാതാവിന്റെ ഫോട്ടോയിലേക്ക് നോക്കി .....



മാതാവേ ...എന്ന് ഉള്ളിൽ നിന്ന് അറിയാതെ

ഒരു വിളി ഉയർന്നു.

അവരെന്താണ് ഉദ്ദേശിച്ചതെങ്കിലും മറ്റുള്ളവരുടെ മുൻപിൽ വച്ച് പറയരുതേ എന്ന് മാതാവിനോട്

താണു വീണു പ്രാർത്ഥിച്ചു .

ആരും കേട്ടില്ല ,അവർ പറഞ്ഞു .

" കാണാൻ പോരാ "ടാം

അവിടെ നിന്ന് എങ്ങനെ പുറത്തേക്കു ഇറങ്ങി

നടന്നെന്നു അറിയില്ല .

ഇറങ്ങുമ്പോൾ കണ്ണ് നിറഞ്ഞു ഒഴുകുന്നുണ്ട് ,മറ്റാരും കാണാതിരിക്കാൻ ആ എട്ടാം ക്ലാസുകാരി അനുഭവിച്ച കഷ്ടപ്പാട്

ഇരുതോളിലും മാറിമാറി കണ്ണീർതുടച്ച കൊണ്ട്
യാന്ത്രികമായി അവിടെനിന്ന ക്ലാസ്സിലേക്ക് .
അന്നാദ്യമായി അവൾ അവളുടെ ജാതിയെയും
നിറത്തെയും വസ്ത്രത്തെയും എന്തിന പറയുന്ന
അവളെത്തന്നെയും വെറുത്തു പോയി .......
പിന്നെ അതിൽനിന്ന പൊങ്ങി വരൻ
എത്രകാലമെടുത്തു എത്രകാലം.......

ഇന്നാണെങ്കിലോ കഴിവുകൾ ഉണ്ടോ
ഇല്ലയോ എന്ന് നോക്കിയിട്ടാണോ കുട്ടികൾ
എന്തിലും ഏതിലും മത്സരിക്കുന്നത് ,


ആര് അവരെ മാറ്റി നിർത്തുന്ന .എല്ലാവരും
കുട്ടികളുടൊംടെ ഭാഗത്തുനിന്ന് അവർക്കുവേണ്ടി
ചിന്തിക്കുന്ന വാദിക്കുന്ന .

എവിടെയും എന്തിനും കുട്ടികൾക്ക് സപ്പോർട്ടാക്കി ഒരു സമൂഹവും .എന്നിട്ടും കുട്ടികൾക്ക് കഷ്ടപ്പെടാൻ വയ്യ ,പരിശ്രമിക്കാനും .

അന്നൊക്കെ തളർന്നു പോയപ്പോൾ പിടിച്ചുയർത്താൻ ആരെങ്കിലും ഉണ്ടായിരുന്നെങ്കിൽ ഒരു പക്ഷെ സമൂഹത്തെ നോക്കിക്കാണുന്ന കാഴ്ചയിലെങ്കിലും മാറ്റമുണ്ടായേനെ .....

അശ്വതി പി ആർ





ABVHSS...

# THE CREEPY VACATION



EPISODE 1
PLANNING

“So here we are...our vacation has started.. 2months holiday ! we are going to have
a blast “ Said Luu. we are 4 friends Jake, Sid, myselsf cal and Luu . luu is a great comedian but all
of her comedies are dump. Here's one “hey do know the best tea for football? its penalty......!we have started planning to do something for vacation. Finally we decided to go to the creepy old house...

EPISODE 2
ENTERING THE HOUSE

Finally we have reached the house. We have a nerd friend bruke. when we

ABVHSS....Muhamma

entered the house. Bruke said "i am not coming i'm afraid of this house". We didnt care his words... we entered the house through the broken window. The house was covered with white sheets. And there was one door that had a police line:do not cross this door. But when jake went to open the door we heard "aaaaaaaaahhhh! A screaming sound!it... it.... it was bruke....

EPISODE 3
WHAT WAS THAT



We rushed out side and bruke said "i saw a shadow passing away."Stop kidding us!we will not care your words.." and we all entered the house and we opened the door with a creaking sound. The room was full of toys, in that room i saw 3
dolls one a mom , dad and a child ,the child was beheaded and blood spilled everywhere. and after that we heard a large cry from upstairs.....

EPISODE 4
THE CRY

we ran upstairs i was a little scared but i suddenly stopped running and a cold shiver run down back.. it was the shadow! the creepy shadow was
staring at me.

ABVHSS....Muhamma

EPISODE 5
THE END OF THE LINE

it just jumped on my face i let out a loud scream and the shadow said “hey its me bruke.. it was just a prank for you all ! i jumped up and slapped on his face “awww!” I was looking at him and from behind luu said with a frightened voice “wh...who's behind  i saw 3 shadows keep staring at us..........”

WHO WAS THAT STILL IN A MYSTERY


-END-

KESAVADAS.C.J

AB



# നായയും ചെന്നായയും



നാട്ടിൽ ഒരിടത്ത് ഒരു
തടിയൻ നായ ഉണ്ടായിരിന്നു
.അവന്റെ പേര് മിട്ടു
എന്നായിരുന്നു .ഒരു ദിവസം
അവൻ തുടൽ പൊട്ടിച്ചു അകലെയുള്ള
കാട്ടിലെത്തി
ഒരു ചെന്നായയുടെ മുന്നിലാണ് മിട്ടു ചെന്ന്
പെട്ടത് . തിന്നു കൊഴുത്ത മിട്ടുവിനെ കണ്ടപ്പോൾ
ചെന്നായ അസൂയയോടെ ചോദിച്ചു .അല്ല
ചങ്ങാതി
ഞാനാണെങ്കിൽ മിക്കവാറും പട്ടിണിയാണ്
നിനക്കു കുശാലായി ഭക്ഷണം കിട്ടുന്നുണ്ട്എന്ന്

തോന്നുന്നല്ലോ .എവിടെ നിന്നാണ് അത്

ലഭിക്കുന്നത് ?



ഇത് കേട്ടപ്പോൾ മിട്ടു പറഞ്ഞു

എന്റെ യജമാനനാണ് എനിക്ക്

മൂന്നുനേരവും വയറുനിറയെ

ഭക്ഷണം തരുന്നത് .നീ എന്റെ

കൂടെ നാട്ടിലേക്കു വരു

ഭക്ഷണത്തിന്റെകാര്യത്തതിൽ  നിനക്ക് ഒരു

ബുദ്ധിമുട്ടും ഉണ്ടാകില്ല ഇത് കേട്ട് ചെന്നായ ഒന്നും

മിണ്ടിയില്ല .അപ്പോഴാണ് മിട്ടുവിന്റെ കഴുത്തിലെ

ഒരു ചുമന്ന പാട്

ചെന്നായയുടെ കണ്ണിൽ പെട്ടത് എന്താ ചങ്ങാതി

നിന്റെ കഴുത്തിൽ വലിയയൊരു അടയാളം

ചെന്നായ ചോദിച്ചു അപ്പോൾ മറ്റു പറഞ്ഞു അതോ

അതൊരു വ്രണം ആണ് .എന്റെ യജമാനൻ എന്റെ


കഴുത്തിൽ ഇട്ടിരുന്ന ഇരുമ്പു ചങ്ങല ഉരഞ്ഞുണ്ടായ പാടാണത് .മറ്റ പറഞ്ഞത് കേട്ട് ചെന്നായ ഒന്ന് പുഞ്ചിരിച്ചു .എന്നിട്ടു പറഞ്ഞു മനസിലായി ചങ്ങാതി .എന്തായാലും നാട്ടിലേക്കു ഞാൻ ഇല്ല എന്നിക്കു ഭക്ഷണത്തേക്കാൾ വലുത് സ്വാതന്ത്ര്യംആണ് .പട്ടിണിയാണെങ്കിൽ എന്താ എന്റെ കഴുത്തിൽ ചങ്ങല ഇല്ലല്ലോ .ഈ കാട്ടിലെ സ്വാതന്ത്യം ഉപേക്ഷിച്ചു ഞാൻ എങ്ങോട്ടും വരുന്നില്ല .അതുപറഞ്ഞു ചെന്നായ തിരിഞ്ഞു നടന്നു .അപ്പോൾ മിട്ടു ഓർത്തു ഭക്ഷണമല്ല സ്വാതന്ത്ര്യം ആണ് വലുതെന്നു

സന്ധ്യാറാണി ,10 ഡി

ABVHSS....Muham




# മരം ഒരു വരം



ABVHSS....Muhamma

**"മരമെന്ന കരുത്തന്റെ**

**വിരുതാർക്കാനളന്നിടാമോ ......"** 



# കാണാക്കയങ്ങളിൽ ......

വേനൽമഴയിൽ തളിർത്തൊരു നമ്പിന്മേൽ
ഹൃത്തിലെ തേൻ തേടി യാത്‌രയ്ക്ക് വന്നവർ

നാളേയ്ക്ക് ന്ലകാൻ പടർന്ന പാഴ്‌വള്ളിയ്ക്കായി
പുലർച്ചെ നടന്നവർ

നാളെ നാം ഇങ്ങനെയാകുമെന്നോർമ ചേർന്നോരാ
സ്‌വപ്നം സത്‌യമായി കാണ്മവർ

എത്‌രയോ പുലരികൾ നെയ്തുനെതോപ്പിച്ച
കനവുകളൊക്കെയും ഒരൊറ്റ പുലരിയിൽ
തച്ചുപോയീടവേ

തീരാത്ത നൊമ്പരമായിന്നുമോർമ്മയിൽ
കത്തിപ്പടരുന്ന ജ്‌വാലകൾ പോലവേ ......

ദേവിക,9



## നിഴൽ

ഇരുട്ടിനെ നീക്കി വെളിച്ചമായി നീ

വന്നുവെന്നരികിൽ

എൻ ജീവൻറെ നാളത്തെ ഉണർത്തുവാൻ

വിണ്ണിലെ നക്ഷത്രമായി എൻ ഓർമ്മയിൽ

എന്നുമെന്നും നിറഞ്ഞീടുന്ന നീ ....

എന്നിലെ ദുഖങ്ങളൊക്കെ അകറ്റി നീ

മണ്ണിലേയ്ക്കെന്തിനോ വന്നു

അഴലിന്റെ നിഴലായ് എപ്പോഴും

എന്നിലേയ്ക്കലിയുകയാണോ നീ നിഴലേ .....

അഞ്ജന

,9



# തൃക്കാർത്തികരാത്രി

ഹേ തപസ്വിനീ
നിന്റെ യുള്ളിലെ
ഘനമൗന ശൈല മുരുകി യൊരു
ഗംഗ യൊഴുകുന്നുവോ
അതിന്റെ കല്ലോല
വിന്യാസങ്ങളിൽ
സൃഷ്ടി സ്ഥിതി
ലയ താള മുണരുമ്പോൾ
അവിടെയൊരു നടന വേഗം
തെളിയുന്നുവോ
ഒരു ഡമരു തൻ നാദം മുഴങ്ങുന്നു
കാറ്റിന്റെ തേരിലൊരു
ഗീതമണയുന്നു
ആരോ വീണ ക്കമ്പി മീട്ടുന്നു
അപ്പോൾ നിൻ പട ചലനങ്ങൾ താനെ നൃത്ത
ചുവടുകളാവുന്നു
നിന്റെ അംഗുലങ്ങളിൽ നടന്ന
മുദ്രകൾ വിരിയുന്നു
മാരിവിൽ നിനക്കായ് നൃത്ത
മണ്ഡപം ഒരുക്കുന്നതിൽ

മാരിമുകിൽ മാല തിരശീലകൾ നീക്കുന്നു
കാളിയരംഗത്തു വന്നു
തൃക്കാർത്തിക കൊളുത്തുന്ന
തിരിവെളിച്ചത്തിൽ
ഹേ യോഗിനി നിന്റെ മുഖ കമലത്തിൽ
തെളിയുന്ന ഭാവമേത്
ശാന്തമോ കരുണമോ അതോ വിപ്ര
ലംഭശൃങ്കാരമോ .....



# കൂപ്പുകൈകളോടെ ........

